# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 133 — 15/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ ഫ്ലാറ്റുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**,, വി.ടി.ബൽറാം**<br>**,, അൻവർ സാദത്ത്**<br>**,, ഷാഫി പറമ്പിൽ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഫ്ലാറ്റുകൾ നിർമ്മിച്ചു കൊടുക്കുവാൻ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ സാഹചര്യം എന്താണെന്ന് അറിയിക്കാമോ;<br><br>(ബി) ഇതിനായി തെരഞ്ഞെടുത്ത കൺസൾട്ടൻസിക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ ഇതുവരെ എന്തുക നൽകിയെന്ന് അറിയിക്കാമോ;<br><br>(സി) സർക്കാർ മേഖലയിലെ ഈ രംഗത്തുള്ള എഞ്ചിനീയേഴ്സിന്റെ സേവനം ഉപയോഗിക്കാതെ കൺസൾട്ടൻസിയെ നിയോഗിക്കുവാൻ തീരുമാനിച്ചത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ? | എ)<br>ബി)<br>&<br>സി) | സംസ്ഥാന സർക്കാരിന്റെ ഏറ്റവും മുൻഗണനാ പദ്ധതികളിലൊന്നായതു കൊണ്ടാണ് അർഹരായ എല്ലാവർക്കും വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് പ്രത്യേക മിഷൻ രൂപീകരിച്ചതും ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മിഷൻ നേരിട്ട് നടപ്പാക്കുന്നതും. അതുകൊണ്ടാണ് ഈ ചുരുങ്ങിയ കാലയളവിൽ 1,42,693 വീടുകൾ പൂർത്തീകരിക്കാനായത്. എല്ലാ വകുപ്പുകളിലെയും ഭവനപദ്ധതികളെ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ഒരു മിഷൻ മോഡിലാണ് പ്രവർത്തിക്കുന്നത്. ഈ പദ്ധതി PWD, LSGD Engineering Wing എന്നിവരെ ഏൽപ്പിച്ചാൽ അവരുടെ നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നത് മൂലം ലൈഫ് മിഷൻ പദ്ധതികൾക്ക് കാലതാമസം ഉണ്ടാകും എന്നുള്ളതു കൊണ്ടാണ് ലൈഫ് മിഷൻ നടപ്പിലാക്കിയപ്പോൾ തന്നെ അതിലേക്കായി മാത്രം ഒരു എഞ്ചിനീയറിംഗ് ഡിവിഷൻ രൂപീകരിച്ചത്. ഈ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് മിഷന്റെ എല്ലാ നിർമാണ പ്രവർത്തനങ്ങളുടെയും ഏകോപന ചുമതല. |

ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം നിർമാണം ആരംഭിക്കുന്ന 81 ഭവനസമുച്ചയങ്ങളിൽ 55 ഭവന സമുച്ചയങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ ആദ്യഘട്ടത്തിൽ പുരോഗമിക്കുന്നത്. ഇവയെല്ലാം തന്നെ 2020 ഒക്ടോബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമാണമാണ് എല്ലാ ഭവന സമുച്ചയങ്ങളുടെയും കാര്യത്തിൽ അവലംബിക്കുന്നത്. നിലവിൽ കേരളത്തിൽ ഉള്ള സ്ഥാപനങ്ങൾക്കൊന്നും തന്നെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമാണത്തിൽ പ്രാവിണ്യം ഇല്ല. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഒരു ഏജൻസിയുടെ കടകീഴിൽ കൊണ്ടു വന്നാൽ മാത്രമേ ലൈഫ് മിഷന്റെ ഉദ്ദേശ്യം ലക്ഷ്യ പ്രാപ്തിയിൽ എത്തുകയുള്ളൂ. അതുകൊണ്ടാണ് ഇതിലേക്കായി ഒരു പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

കൺസൾട്ടൻസി ഫീസ് ഇനത്തിൽ ഇതുവരെ ഒരു തുകയും നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ